'സമവായം' പരിപാടിയിൽ വച്ച് തിരിച്ചറിയൽ കാർഡ് (സ്മാർട്ട് കാർഡ്) വിതരണം ചെയ്യാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര പ്രവാസികാര്യ വകുപ്പുമായി കൂടിയാലോചിക്കാതെ സ്മാർട്ട് കാർഡ് വിതരണം നടത്താൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് പരിപാടി നിർത്തിവച്ചു. ഇനി കേന്ദ്ര പ്രവാസികാര്യ വകുപ്പുമായി ആലോചിച്ചതിന് ശേഷം മാത്രമേ സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുള്ളു.

## ഗൾഫ് രാജ്യങ്ങളിൽ വിവിധ ജയിലുകളിലുള്ള മലയാളികൾ

34 [840] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ വിവിധ ജയിലുകളിലായി വിചാരണയ്ക്കും ശിക്ഷയ്ക്കും വിധേയരായി കഴിയുന്ന മലയാളികളുടെ വിശദാംശം നൽകാമോ ;

(ബി) ഇവരിൽ വ്ധശിക്ഷയ്ക്ക് വിധേയരായി കഴിയുന്നവർ ആരെല്ലാം ;

(സി) ഇത്തരം കേസ്സുകളിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി ശിക്ഷ ഇളവ് ലഭിച്ചവർ ആരെല്ലാം ;

(ഡി) പാസ്പോർട്ട്, തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവർ, നഷ്ടപ്പെട്ടവർ എന്നിങ്ങനെ ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ കഴിയുന്നവർ എത്ര പേരുണ്ട് എന്ന് വിശദമാക്കാമോ ; ഇവരെ മോചിപ്പിക്കാനും നാട്ടിൽ തിരിച്ചെത്തിക്കാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ ഇപ്രകാരം നാട്ടിലെത്തിക്കപ്പെട്ടവർ എത്ര പേർ എന്ന് അറിയിക്കാമോ ?

### ഉത്തരം

(എ—ഇ) ഗൾഫ് രാജ്യങ്ങളിൽ വിവിധ ജയിലുകളിൽ വിചാരണയ്ക്കും ശിക്ഷയ്ക്കും വിധേയരായി കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ല. ഇന്ത്യൻ എംബസ്സികളിൽ ആ രാജ്യങ്ങളിൽ ജയിലിലുള്ള ഇന്ത്യക്കാരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് എംബസ്സികൾ ലഭ്യമാക്കാത്തതിനാലാണ് ഇവരെ സംബന്ധിച്ച കൃത്യമായ വിവരം നൽകാനാകാത്തത്. അന്യായമായോ, നിസ്സാരമോ ആയ കാരണങ്ങളാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിരപരാധികളായ മലയാളികൾ തടവുകാരായി കഴിയുന്നുണ്ട്. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ പത്ര മാധ്യമങ്ങളിൽകൂടിയും, വ്യക്തികൾ നൽകുന്ന അപേക്ഷകളിൽ കൂടിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ജയിലിലുള്ള പ്രവാസി മലയാളിയെ മോചിപ്പിക്കാൻ വേണ്ട നടപടികൾ അതത് ഇന്ത്യൻ എംബസ്സിയും വിദേശകാര്യ വകുപ്പുമായി ചേർന്ന് നോർക്ക വകുപ്പ് സ്വീകരിക്കുന്നുണ്ട്. വധശിക്ഷയ്ക്ക് വിധേയരായി ജയിലിൽ കഴിയുന്നവരുടെ കേസ്സുകൾ ഒന്നും റിപ്പോർട്ട് ചെയ്യാത്തതിനാൽ ഇത്തരക്കാർ ആരെങ്കിലും ജയിലിൽ കഴിയുന്നുണ്ടോ എന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യം വ്യക്തമല്ല. പാസ്പോർട്ട്, തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവരും നഷ്ടപ്പെട്ടവരുമായ ഒട്ടേറെ ആളുകളുടെ ബന്ധുക്കൾ അവരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് നോർക്കയെ സമീപിക്കാറുണ്ട്. ഇന്ത്യൻ എംബസ്സികളുടെ സഹായത്തോടെ അവരെ മോചിപ്പിക്കാനുള്ള ഫലപ്രദമായ നടപടികൾ നോർക്ക ചെയ്യാറുണ്ട്. ജയിൽ വിമുക്തരാക്കുന്ന പാവപ്പെട്ട മലയാളികളെ നാട്ടിലെത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും നോർക്ക നടപടി എടുക്കാറുണ്ട്. ദയാഹർജികൾ ആവശ്യമുള്ള കേസ്സുകളിൽ യഥാസമയം ബന്ധപ്പെട്ട അധികാരികൾക്ക് ദയാഹർജി സമർപ്പിക്കുന്നതിനും കൂടുതൽ പണം ആവശ്യമായ കേസുകളിൽ, ജയിലുള്ള മലയാളികളുടെ മോചനത്തിനായി ആവശ്യമായ പണം സ്വരൂപിക്കുന്നതിനും നോർക്ക നടപടി എടുക്കുന്നുണ്ട്. കഴിഞ്ഞ രണ്ടര വർഷമായി ജയിലിലായിരുന്ന ശ്രീ. യു. വി. കുമാരൻ എന്ന ആളിനെ പണം സ്വരൂപിച്ചും, ദയാഹർജി നൽകിയും ജയിൽ മോചിതനാക്കിയതും, സൗദി ജയിലിൽ കഴിയുന്ന നൗഷാദിന്റെ മോചനത്തിനായി ദയാഹർജി നൽകി, ടിയാന്റെ കണ്ണ് നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളിൽ ചിലത് മാത്രമാണ്. കൂടാതെ, മതിയായ രേഖകളില്ലാതെ ഒമാനിൽ കഴിയുന്ന ഇരുപത്തഞ്ചോളം (25) മലയാളികളെ നാട്ടിലെത്തിക്കാൻ ഇവരുടെ നേറ്റിവിറ്റി തെളിയിക്കുന്ന രേഖകൾ ഒമാനിലെ ഇന്ത്യൻ എംബസ്സിക്ക് അയച്ചുകൊടുത്ത് നോർക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജീവനക്കാരുടെ പണിമുടക്ക്

35 [842] ശ്രീ. പി. ടി. തോമസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി :
„ ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജനുവരി 24-ന് ചില സർവ്വീസ് സംഘടനകൾ പണിമുടക്കിയോ ;

(ബി) പണിമുടക്കിയവർ കർത്തവ്യ നിർവ്വഹണത്തിന് വന്ന വളരെയധികം പേരെ ഓഫീസിൽ കയറ്റാതെ ഭീഷണിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഡ്യൂട്ടിക്ക് നിയോഗിച്ച പോലീസ് പലയിടത്തും കാഴ്ചക്കാരായി നിൽക്കുകയായിരുന്നുവോ ;

(ഡി) പണിമുടക്കിലേർപ്പെട്ടവർ എന്തെല്ലാം ക്രമ വിരുദ്ധ നടപടികളിലേർപ്പെട്ടു ; അപ്രകാരം പ്രവർത്തിച്ചവരുടെമേൽ എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ഒരു വിഭാഗം ജീവനക്കാർ പണിമുടക്കി.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly